LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് കാരത്തൂർ പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണം

258 (4009) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരത്തൂർ പാറക്കടവ് പാലം അപ്രോച്ച് റോഡിന്റെ പ്രവൃത്തിസ്ഥലം ലഭ്യമായിട്ടും ആരംഭിക്കാതിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാവുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുണ്ടായിരുന്ന കരാറുകാരനെ ബാദ്ധ്യതയില്ലാതെ ഒഴിവാക്കിയശേഷം ഭരണാനുമതി തുകയിൽ എന്ത് പണം അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 195 ലക്ഷം രൂപ.

(സി) പ്രസ്തുത തുക ഉപയോഗിച്ച് പണി തുടരുന്നതിന് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകിക്കഴിഞ്ഞ ഉടൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതാണ്.

കൊയിലാണ്ടി മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

259 (4010) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും ഓരോ

പ്രവൃത്തിയുടെയും അടങ്കൽ തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങൾ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തൽ

260 (4011) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടിൽ എന്തൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എഗ്രിമെന്റ് വ്യവസ്ഥപ്രകാരം, പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തീകരിച്ച് നൽകേണ്ടത്; നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാന പാതയുടെ പ്രവൃത്തിയുടെ കരാർ തുക 133.06 കോടി രൂപയാണ്.

(ബി) നിലവിലുള്ള പാതയുടെ വീതി കൂട്ടിയുള്ള വികസനം, റോഡിന്റെ ഉയർച്ച താഴ്ച ക്രമീകരണം, റോഡ് ജ്യോമെട്രിക്സ് ഇംപ്രൂവ് ചെയ്യുക, ഓടകളുടെയും കലുങ്കുകളുടെയും നിർമ്മാണം, സമാന്തര ചിത്താരി പാലത്തിന്റെ നിർമ്മാണം, റോഡ് മാർക്കിംഗ്, വയഡക്ട് നിർമ്മാണം, റോഡ് ജംഗ്ഷനുകളുടെ നിർമ്മാണം, റോഡ് മാർക്കിംഗ്, സൈൻ ബോർഡ് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 26-3-2016-ലാണ്. നിലവിൽ 28 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്.

സെൻട്രൽ റോഡ് ഫണ്ട്

261 (4012) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിലേക്ക് സർക്കാർ എത്ര റോഡുകളാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly